
# മലർവാടി

കുട്ടികളുടെ ദ്വൈവാരിക

16 ജൂൺ 2020, പുസ്തകം 40, ലക്കം 13

വിഡ്ഢികൾ സ്വന്തം തെറ്റുകളിൽ നിന്ന് പഠിക്കുമ്പോൾ ജ്ഞാനികൾ മറ്റുള്ളവരുടെ തെറ്റുകളിൽ നിന്നും പഠിക്കുന്നു.

ബിസ്മാർക്ക്

## മലർമൊഴി

അനുഭവമാണ് ഗുരു എന്ന വാക്യം കൂട്ടുകാർ കേട്ടുകാണുമല്ലോ? അനുഭവങ്ങളിൽനിന്നു പഠിക്കുന്നവൻ ജീവിതത്തിൽ പുരോഗതി നേടുന്നു. ജ്ഞാനി സ്വന്തം അനുഭവങ്ങളിൽ നിന്നു മാത്രമല്ല, മറ്റുള്ളവരുടെ അനുഭവങ്ങളിൽനിന്നു കൂടി പഠിക്കുന്നു. അതിനാൽ സ്വന്തം ജീവിതത്തിൽ അബദ്ധങ്ങളും വിപത്തുകളും ഒഴിവാക്കാൻ അയാൾക്ക് കഴിയുന്നു.


Editor **T.K. Ubaid** Executive Editor **P.A. Nazimudeen** • Sub Editor **Mehd Maqbool**
Layout & Graphics **Alikoya** • Technical Support **Fahis Ali**
Cover **Shahid** • e-mail malarvadimag@gmail.com | **www.malarvadi.net**
Circulation Phone 0495 2732555 • Manager Tele 0495 2730073 • e-mail managerprabodhanamclt@gmail.com

ഒരു ജ്ഞാനിയുടെ പല ഗുണങ്ങളിൽ ഒന്ന് സ്വന്തം ചുറ്റുപാടുകളെ പറ്റിയുള്ള സൂക്ഷ്മമായ നിരീക്ഷണമാണ്. തനിക്ക് ചുറ്റുമുള്ളവരുടെ ജീവിതത്തെ അയാൾ ആഴത്തിൽ മനസ്സിലാക്കുകയും അതിൽ നിന്നും പല പാഠങ്ങളും ഉൾക്കൊള്ളുകയും ചെയ്യുന്നു. എന്നാൽ വിഡ്ഢി തന്റെ ജീവിതത്തിൽ ഏതെങ്കിലും ആപത്ത് പിണയുമ്പോൾ മാത്രമാണ് താൻ ചെയ്തിരുന്ന കാര്യങ്ങളിലെ അബദ്ധങ്ങളെ പറ്റി മനസ്സിലാക്കുന്നത്.

എല്ലാം അറിയാൻ ആഗ്രഹിക്കുന്നവനാണ് ജ്ഞാനി. ലോകത്തിൽ നടക്കുന്ന സംഭവങ്ങളും സമൂഹത്തിലെ ചലനങ്ങളും അയാൾ ജാഗ്രതയോടെ ഉൾക്കൊള്ളുന്നു. തന്നിൽ മാത്രം ഒതുങ്ങുന്ന ഒരാൾക്ക് ഒരു യഥാർഥ ജ്ഞാനിയാകാൻ കഴിയില്ല. ജ്ഞാനി സമൂഹത്തിൽനിന്ന് പഠിക്കുകയും സമൂഹത്തിന് പലതും സംഭാവന ചെയ്യുകയും ചെയ്യുന്നു. അയാൾക്ക് ഉയർന്ന ഗ്രാഹ്യത ഉണ്ടായിരിക്കും. ഈ ഗ്രാഹത്യ സ്വന്തം ജീവിതത്തെ മാറിനിന്ന് നോക്കാനും അതിനെ അബദ്ധങ്ങളിൽ പെടാതെ മുന്നോട്ടു നയിക്കാനും അയാളെ സഹായിക്കുന്നു.

• പി.എ.എൻ



# കുയിലിനോട്

• അബ്ദുറഹിമാൻ.ടി

ഞാവൽച്ചില്ലയിലൂഞ്ഞാലിൽ
ഞാന്നു കിടക്കും കുയിലമ്മേ
എന്നരികിൽ വന്നിട്ടൊത്തിരി
പുന്നാരം നീ ചൊല്ലാമോ?
കൊച്ചു വെളുപ്പിനു കേൾക്കാം നിൻ
ഒച്ചപ്പാടും കുഴൽ വിളിയും
അന്തിയടുക്കുമ്പോൾ കേൾക്കാം
ബദ്ധപ്പാടിൻ മുറവിളിയും
കാക്കക്കൂട്ടിൽ മുട്ടയിടുന്നൊരു
കള്ളിക്കുയിലേ കരിങ്കുയിലേ
വീടും കുടിയുമൊരുക്കാതെ
കൂത്താടുന്നതു കൗശലമോ?
നേരം പുലരും നേരത്തെന്നെ
കൂവിയുണർത്തും ചങ്ങാതീ
എന്നരികിൽ വന്നിട്ടൊത്തിരി
പുന്നാരം നീ പറയാമോ...

▸▸ ലോകത്തിലെ ഏറ്റവും വലുപ്പമേറിയ ഭൂഖണ്ഡം – ഏഷ്യ